Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - കക്കോടി ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. എം.കെ. ലിജാസിന്റെ സൂപ്പർവൈസർ - ബി രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

നമ്പർ ഇ - 3957/2016 തിയ്യതി, കോഴിക്കോട്, 17.07.2018

==========================================================================

പരാമർശം:-

1) കക്കോടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 24/11/2016, 10/01/2017 തിയ്യതിയിലെ എ4/6566/16 നമ്പർ കത്തുകൾ
2) എൽ.ബി.എസ്. ശ്രീ. എം. കെ. ലിജാസിന് ഈ ഓഫീസിൽ നിന്നും 08/5/2017 തിയ്യതിയായി നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3) ശ്രീ. എം. കെ. ലിജാസ് 14/8/2017 ന് സമർപ്പിച്ച മറുപടി

-----

## ഉത്തരവ്

കക്കോടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ശ്രീ. മനോജ്.എം.കെ., വൈഷ്ണവം, കിഴക്കുമുറി എന്നവർക്ക് കക്കോടി വില്ലേജിൽ, റീ. സർവ്വെ 72/1 ൽ പ്പെട്ട ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി കക്കോടി ഗ്രാമ പഞ്ചായത്തിൽ നിന്നും 25/6/2016 തിയ്യതിയായി എ4 - 6566/16 നമ്പർ നിർമ്മാണാനുമതി നൽകിയിരുന്നു എന്നും, എന്നാൽ അനുമതിയിൽ നിന്നും വ്യതിചലിച്ച് അപേക്ഷകനായ ശ്രീ. മനോജ്. എം.കെ.യുടെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്താണ് കെട്ടിട നിർമ്മാണം നടത്തികൊണ്ടിരിക്കുന്നതെന്ന് പഞ്ചായത്തധികൃതർ നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും പരാമർശം (1) പ്രകാരം കക്കോടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. മേൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 144 ന് വിരുദ്ധമായി പ്രവൃത്തിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ. ലിജാസ്. എം.കെ, നെരവത്ത് ഹൗസ്, പറമ്പിൽ ബസാർ പി.ഒ., കിഴക്കുമുറി, കോഴിക്കോട് - 673513 (Reg. No. E – 2050/08/6782/KKD/636/2014/SB) എന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനും പരാമർശം (1) പ്രകാരം കക്കോടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിരിക്കുന്നു.

മേൽ ചട്ട ലംഘനം ചൂണ്ടിക്കാട്ടി ശ്രീ. ലിജാസ്. എം.കെ.യ്ക്ക് ഈ ഓഫീസിൽ നിന്നും പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് പരാമർശം (3) പ്രകാരം ടിയാൻ മറുപടി രേഖാമൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട പെർമിറ്റിന് അപേക്ഷിച്ച ശ്രീ. മനോജ് എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന് സമീപമുള്ള സ്ഥലം അദ്ദേഹത്തിന്റെ ഭാര്യാ സഹോദരന്റെ കൈവശത്തിലായിരുന്നു എന്നും പ്രസ്തുത സ്ഥലം മനോജ് എന്നവർക്ക് നൽകുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു എന്നും എന്നാൽ രജിസ്ട്രേഷൻ നടപടികളുമായി ബന്ധപ്പെട്ട് കാലതാമസം വന്ന സാഹച

ര്യത്തിലാണ് മേൽ പ്രകാരം കെട്ടിട നിർമ്മാണ ചട്ടത്തിന്റെ ലംഘനമുണ്ടായത് എന്നും ലൈസൻസി മറുപടിയിൽ ബോധിപ്പിക്കുകയുണ്ടായി. കൂടാതെ നേരിൽ കേൾക്കുന്നതിന് ടിയാൻ ഹാജരായിട്ടില്ലാത്തതുമാണ്.

1999 ലെ കെ.എം.ബി.ആർ. ചട്ടം 153 പ്രകാരം (2011 ലെ കെ.പി.ബി.ആർ. ചട്ടം 144) പ്ലാനുകളും ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കേണ്ടതാണ് എന്നും, പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും ഡ്രോയിംഗിലും, വിവരണങ്ങളിലും രേഖപ്പെടുത്തുന്ന .വസ്തുതകളുടെ പിഴവില്ലായ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ലൈസൻസി ശ്രീ. എം.കെ. ലിജാസിന്റെ മറുപടി പൂർണ്ണമായും തൃപ്തികരമല്ല എന്നു കാണുന്നു. കൂടാതെ 1999 ലെ കെ.എം.ബി.ആർ. ചട്ടം 153 പ്രകാരം രജിസ്ട്രേഷൻ നേടിയവർക്ക് നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ച്ച സംഭവിച്ചതായി കാണുന്നതിനാൽ ശ്രീ. ലിജാസ് എം.കെ. നെരവത്ത് ഹൗസ്, പറമ്പിൽബസാർ (പി. ഒ.), കിഴക്കുമുറി, കോഴിക്കോട് എന്നവരുടെ സൂപ്പർവൈസർ - ബി രജിസ്ട്രേഷൻ (Reg. No. E – 2050/08/6782/KKD/636/2014/SB) 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(7), (8) ന് വിധേയമായി . **01/08/2018 മുതൽ ഒരു മാസത്തേയ്ക്ക്** സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. ലിജാസ്. എം.കെ., കെ.എം.ബി.ആർ നിഷ്ക്കർഷിക്കുന്ന വിധമുള്ള യാതൊരു ചുമതലകളും നിർവ്വഹിക്കുവാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ, റിന്യുവൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി സർട്ടിഫിക്കറ്റിന്റെ അസ്സൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ച്ചക്കകം ഈ ഓഫീസിൽ നേരിൽ ഹാജരാക്കേണ്ടതുമാണ്.

കെ.പവിത്രൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ (I/C)
കോഴിക്കോട്

1) ശ്രീ. ലിജാസ്. എം.കെ, നെരവത്ത് ഹൗസ്, പറമ്പിൽ ബസാർ പി.ഒ., കിഴക്കുമുറി, കോഴിക്കോട് - 673613
2) നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പ് - (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
3) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
4) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല
5) സെക്രട്ടറി, കക്കോടി ഗ്രാമ പഞ്ചായത്ത്. കോഴിക്കോട്
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (ഇ-മെയിൽ മുഖേന)

K.R 18/07